**നിപ്പിളിന്റെ ഹോളിന്റെ വലിപ്പം:** ഹോളിന്റെ വലിപ്പം പാല് വേഗത്തിലോ പതുക്കയോ വരുന്നത് നിയന്ത്രിക്കുന്നു. നിങ്ങളുടെ കുഞ്ഞിന് പാലിന്റെ ഒഴുക്ക് താങ്ങാനാകുമോ എന്ന് വിദ്ഗ്ദ്ധനായ ഒരാളിന്റെ (സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ്) അഭിപ്രായം ചോദിക്കുന്നത് നന്നായിരിക്കും.











**കപ്പിലൂടെ ആഹാരം കൊടുക്കുന്നത്:**സർജറി ചെയ്യുന്നതിന് മുൻപ്കുഞ്ഞിന് കുപ്പിയ്ക്കു പകരം കപ്പ് ഉപയോഗിച്ച് ആഹാരം കൊടുക്കാൻ ശ്രദ്ധിക്കണം. ശസ്ത്രക്രിയയ്ക്ക് ശേഷം കുപ്പിയിൽ പാലു കുടിക്കുന്നത് മുറിവ് ഉണങ്ങതെ ഇരിക്കാൻ കാരണമാകും. ആദ്യമായി കപ്പ് ഉപയോഗിക്കുമ്പോൾ കട്ടികൂടിയ ദ്രവപദാര്ത്ഥങ്ങൾ ഉപയോഗിക്കുന്നതായിരിക്കും നല്ലത്. ഈ മാറ്റത്തിനായി ആറു മാസത്തിൽ ചെറിയ അളവിൽ ദ്രവപദാര്ത്ഥങ്ങൾ കപ്പിൽ നല്കിത്തുടങ്ങുക.



## വിള്ളലുള്ള ചുണ്ടോ അണ്ണാക്കോ ഉള്ള കുഞ്ഞുങ്ങളുടെ പ്രശ്നങ്ങൾക്ക് ആരെയാണ് ബന്ധപ്പെടേണ്ടത്?

*വിള്ളലുള്ള ചുണ്ടോ അണ്ണാക്കോ ഉള്ള കുഞ്ഞുങ്ങളുടെ ചികിത്സയിൽ പലപ്രൊഫഷണലുകളും പങ്കാളികൾ ആണ്.ഇവർ ആരെല്ലാം:*

**പ്ലാസ്റ്റിക് സർജൻ–** തലയോട്ടി, മുഖത്തെ അസ്ഥികൾ, മൃദുവായ ടിഷ്യു എന്നിവയുടെ തകരാറുകൾ ശരിയാക്കുന്ന സർജൻ. ചുണ്ടിലെ ശസ്ത്രക്രിയ 6 മാസത്തിലും അണ്ണാക്കിന്റെ ശസ്ത്രക്രിയ 1 വയസ്സിലും ചെയ്യാം.

**സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ്:**കുട്ടികളെ പാലൂട്ടുന്നതിനു മാർഗ്ഗനിർദേശങ്ങൾ നൽകുന്നു, അത് പോലെ സ്പീച് തെറാപ്പിയും കൊടുക്കുന്നു.

**ശിശുരോഗ വിദഗ്ദ്ധൻ:** കുട്ടിയുടെ വളര്ച്ച നിരീക്ഷിച്ച് വിവിധ വിദഗ്ദ്ധരുടെ അഭിപ്രായങ്ങള് ഏകീകരിക്കുന്നതിന് സഹായിക്കുന്നു.

**ഓർത്തോഡോണ്ടിസ്റ്റ്–** നിങ്ങളുടെ കുട്ടിയുടെ പല്ലുകളുടെ സ്ഥാനവു വിന്യാസവും വിലയിരുത്തുകയു ംശസ്ത്രക്രിയാ വിദഗ്ദ്ധനും മറ്റ് സ്പെഷ്യലിസ്റ്റുകളുമായി ഒരു ചികിത്സ തീരുമാനിക്കുന്നു.

**ഇ.എൻ.ടി(ENT) ഡോക്ടർ:**:ചുണ്ടിലോ അണ്ണാക്കിലോ വിള്ളലോടെ ജനിക്കുന്ന കുട്ടികൾക് ഇടക്ക് ഇടക്ക് ചെവിയിൽ ഉണ്ടാകുന്ന അണുബാധകൾക് മരുന്ന് നൽകുന്നു.


**ഓഡിയോളജിസ്റ്റ് –** ശ്രവണ ബുദ്ധിമുട്ടുകൾ വിലയിരുത്തുന്നതിനും കൈകാര്യം ചെയ്യുന്നതിനും സഹായിക്കുന്ന ഒരു പ്രൊഫഷണൽ

**നഴ്സ് ടീം കോര്ഡിനേറ്റർ:** ശിശു പരിപാലന പരിശീലനത്തോടൊപ്പം ശിശു സംരക്ഷണത്തിലും പ്രത്യേക പരിശീലനം നേടിയിട്ടുള്ള രജിസ്റ്റേഡ് നഴ്സ്.



ഡിപ്പാർട്ട്മെന്റ് ഓഫ് പി.ഓ.സി.ഡി
ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്
മാനസഗംഗോത്രി, മൈസൂർ – 570006
ഫോൺ നമ്പർ: 0821-2502575/2502703/2502000
ഇമെയിൽ –director@aiishmysore.in
വെബ്സൈറ്റ്: www.aiishmysore.in

പ്രവർത്തി ദിവസങ്ങൾ :തിങ്കൾ മുതൽ വെള്ളി വരെ (9AM-5.30PM)
(കേന്ദ്രസർക്കാർ അവധി ദിവസങ്ങൾ ഒഴികെ)



# ചുണ്ടിലോ അണ്ണാക്കിലോ വിള്ളലോടെ ജനിക്കുന്ന കുഞ്ഞുങ്ങളെ പാലൂട്ടാനുള്ള മാര്ഗങ്ങള്

ഡിപ്പാർട്ട്മെന്റ് ഓഫ് പി.ഓ.സി.ഡി
ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്
മാനസഗംഗോത്രി, മൈസൂർ – 570006
ഫോൺ നമ്പർ: 0821-2502575/2502703/2502000
ഇമെയിൽ –director@aiishmysore.in
വെബ്സൈറ്റ്: www.aiishmysore.in
പ്രവർത്തി ദിവസങ്ങൾ:തിങ്കൾ മുതൽ വെള്ളി വരെ (9AM-5.30PM)
(കേന്ദ്രസർക്കാർ അവധി ദിവസങ്ങൾ ഒഴികെ)

## ചുണ്ടിലോ അണ്ണാക്കിലോ വിള്ളലോടെ ജനിക്കുന്ന കുഞ്ഞുങ്ങളെ പാലൂട്ടാനുള്ള മാർഗ്ഗങ്ങൾ


കുഞ്ഞുങ്ങൾക്ക് ശരിയായ രീതിയിലുള്ള പോഷകം ലഭിക്കണമെങ്കിൽ അവര്ക് പാല് വലിച്ചുകുടിക്കാനുള്ള കഴിവ് കൂടിയേതീരൂ. ചുണ്ടിലോ അണ്ണാക്കിലോ വിള്ളലോടെ ജനിക്കുന്ന കുഞ്ഞിന് പാല് വലിച്ചു കുടിക്കാൻ പ്രയാസം നേരിടും. പാലൂട്ടുന്ന രീതിയിലും വിധത്തിലും ചെറിയമാറ്റങ്ങൾ വരുത്തിയാൽ കുഞ്ഞിന് പാലൂട്ടലിന്റെ എല്ലാ ഗുണങ്ങളും നല്കാന് കഴിയും.

### ചുണ്ടിലോ അണ്ണാക്കിലോ വിള്ളലോടെ ജനിക്കുന്ന കുഞ്ഞുങ്ങൾക് ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്:

**വിള്ളൾ ചുണ്ടില് മാത്രം (മുച്ചുണ്ട്):** മുച്ചുണ്ടുള്ള കുട്ടികള്ക്ക് സാധാരണയായി പാലു കുടിക്കുന്നതിന് വലിയ പ്രയാസം അനുഭവപ്പെടാറില., എന്നാല് ഇവർക്ക് നിപ്പിളിൽ പിടിത്തം കിട്ടാൻ തുടക്കത്തിൽ പ്രയാസം നേരിട്ടേയ്ക്കാം.



**വിള്ളൽ ചുണ്ടിലും അണ്ണാക്കിലും:** അണ്ണാക്കിൽ വിള്ളലുള്ള കുഞ്ഞിന് പാല് നന്നായി വലിച്ചു കുടിക്കാൻ കഴിയില്ല. അതിനാൽ മുലയൂട്ടാനോ കുപ്പിപ്പാലു കൊടുക്കാനോ പ്രയാസം ഉണ്ടാക്കിയേക്കാം.



### അനന്തരഫലങ്ങൾ:

**പാലൂട്ടൽ പ്രശ്നങ്ങൾ:** വായുടെ മുകൾ ഭാഗം പൂർണമായും രൂപപ്പെട്ടിട്ടില്ലാത്തതിനാൽ കുഞ്ഞിന് പാല് വലിച്ചുകുടിക്കുന്നതിന് സാധിക്കാതെ വന്നേയ്ക്കാം.

**മറ്റു പ്രശ്നങ്ങള്:** പാല് മൂക്കിലൂടെ പുറത്തുവരുക, ശ്വാസം മുട്ടുക, കൂടാതെ ധാരാളം വായു ഉള്ളിൽ ചെല്ലുക എന്നിവ


**ചെവിയിലെ അണുബാധയും കേൾവിക്കുറവും:** തൊണ്ടയേയും മധ്യചെവിയേയും യോജിപ്പിക്കുന്ന കുഴലിന്റെ പ്രവർത്തനത്തിൽ പ്രശ്നങ്ങൾ അടിക്കടി വരുന്ന  അണുബാധ ഉണ്ടാകുകയും, പിന്നീട ്ഇത്  കേൾവി കുറവിന് കാരണം ആകുകയും  ചെയുന്നു.

**സംസാരത്തിൽ വരുന്ന കാലതാമസം:** വായുടെ മുകൾഭാഗവും ചുണ്ടും തുറന്നിരിക്കുന്നതിനാൽ പേശികളുടെ പ്രവർത്തനം കുറവായിരിക്കും, ഇത് സംസാരം തുടങ്ങുന്നതിൽ താമസമോ ഉച്ചാരണ വൈകല്യമോ വരുത്തിയേക്കാം. മുച്ചുണ്ടുള്ള കുട്ടികൾക്ക് അണ്ണാക്കിൽ വിള്ളലുള്ള കുട്ടികളേക്കാൾ ഉച്ചാരണപ്രശ്നങ്ങൾ കുറവായിരിക്കും. അണ്ണാക്കില് വിള്ളലുള്ള കുട്ടികൾക് വിള്ളൽ ശരിയാക്കി കഴിഞ്ഞാലും ഉച്ചാരണ പ്രശ്നങ്ങൾ കണ്ടേയ്ക്കാം. മൂക്കിലൂടെ സംസാരിക്കുന്ന പോലുള്ള സംസാരമാണ ്സാധാരണയായി കാണുന്നത്.

**പല്ലുകളുടെ പ്രശ്നങ്ങൾ:** പല്ലുകള് ശരിയായ രീതിയിലായിരിക്കില്ല വളരുക അതിനാൽ ദന്തക്രമീകരണം ആവശ്യമായി വന്നേയ്ക്കാം.

### ചുണ്ടിലോ അണ്ണാക്കിലോ വിള്ളലോടെ ജനിക്കുന്ന കുഞ്ഞുങ്ങളെ പാലൂട്ടാനുള്ള മാർഗ്ഗനിര്ദേശങ്ങൾ

- **കുട്ടിയെ ശരിയായി പിടിക്കുന്ന രീതി**: മുച്ചുണ്ട് ഉള്ള കുട്ടികളെ നിവർത്തിയോ, ഉയർത്തിയോ ഇരുത്തി പാലൂട്ടുന്നതാണ് നല്ലത് (മുലയൂട്ടുന്ന സമയത്ത്  45 ഡിഗ്രി കോണിൽ കുഞ്ഞിനെ ചരിച്ച് പിടിക്കുന്നതാണ് നല്ലത്). പാലൂട്ടുന്ന സമയത്ത് കൈയും വിരലുകളുമുപയോഗിച്ച് നിപ്പിള് കുഞ്ഞിന്റെ വായിൽ നിന്ന് മാറാതെ നോക്കുക




**നിപ്പിൾ പിടിക്കേണ്ട രീതി:** അണ്ണാക്കില് വിള്ളലില്ലാത്ത ഭാഗത്തായിരിക്കണം നിപ്പിള് വരേണ്ടത്.

**പാലൂട്ടലിന്റെ സമയക്രമീകരണം:** കുറച് കുറച്ചായി ഇടയ്ക്ക് ഇടയ്ക്ക ്പാലുകൊടുക്കുക

**പാലിന്റെ ഒഴുക്ക് ശ്രദ്ധയോടെ ക്രമീകരിക്കണം:** ഇതിനായി കുഞ്ഞ് പാല് വലിച്ചു കുടിക്കുപോൾ കുപ്പി ഒന്ന് ഞെക്കിക്കൊടുക്കാം, കുഞ്ഞിന് അസ്വസ്ഥത വല്ലതും തോന്നിയാല് ഉടന് ഇത് നിര്ത്തുക.



**വായുടെ സംരക്ഷണത്തിന്**: ഓരോ പാലൂട്ടിനും ശേഷവും വിള്ളലിനുചുറ്റുമുള്ള ഭാഗം നനഞ്ഞ തുണികൊണ്ട് വൃത്തിയാക്കുക

**വായു അധികം വയറിലെത്തുന്നത് തടയുക**: തുടരെ തുടരെ കുഞ്ഞിനെ ഏമ്പക്കം വിടുവിക്കുക. വിള്ളലുള്ള ശിശുക്കളില് സാധാരണ ശിശുക്കളെക്കാള് കൂടുതല് വായു വയറിലെത്താറുണ്ട്.

### പാലൂട്ടാനുള്ള ഉപകരണങ്ങളൾ:

**നിപ്പിളുകൾ:** പാലൂട്ടാൻ പ്രയാസമുള്ള കുഞ്ഞുങ്ങളെ സഹായിക്കാനായി പലതരത്തിലുള്ള നിപ്പിളുകൾ ലഭ്യമാണ്. അവ വിവിധ ആകൃതിയിലും, വലിപ്പത്തിലും, തരത്തിലും ഉള്ളവയാണ്. പാലിന്റെ ഒഴുക്ക് നിയന്ത്രിക്കാൻ തക്ക വണ്ണം ഇവയിലെ ദ്വാരങ്ങളും വ്യത്യസ്തമായിരിക്കും.

**നിപ്പിളിന്റെ ആകൃതി:** രണ്ടു പ്രധാന ആകൃതികളാണ് ഉള്ളത് നേരെയുള്ള 'സ്റ്റാന്ഡേര്ഡ്' നിപ്പിളുകളും പരന്ന് വിസ്തൃതമായ "ഘടക "അഥവാ ഓര്ത്തോഡോന്റിക് നിപ്പിളുകളും. ഏത് തരത്തിലുള്ള നിപ്പിൾ കുഞ്ഞിന് ഉപയോഗിക്കണം എന്ന്വിദ്ഗ്ദ്ധർ (സ്പീച്ച് ലാംഗ്വേജ ്പാത്തോളജിസ്റ്റ്,പ്ലാസ്റ്റിക് സർജൻ, ഓർത്തോഡോണ്ടിസ്റ്റ്) നിർദ്ദേശിക്കും

